## പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3258** **13-03-2017-ലെ മറുപടിയ്ക്ക്**

## കൽപ്പാത്തിയിലെ ഭവന നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | **ഡോ. കെ.റ്റി. ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| (എ) കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിൽ ഉൾപ്പെട്ടവരുടെ ഭവന നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹെറിറ്റേജ് വില്ലേജ് സന്ദർശിച്ച ഉപസമിതി എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിൽ ഉൾപ്പെട്ടവരുടെ ഭവന നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് ഉപസമിതി എടുത്ത തീരുമാനങ്ങൾ താഴെപറയും പ്രകാരമാണ്.<br>1. കല്പാത്തി ഏരിയായിൽ വരുന്ന കെട്ടിടങ്ങളുടെ ഉയരം, നിലകളുടെ എണ്ണം, എന്നിവ മാസ്റ്റർപ്ലാനിന്റെ സോണിംഗ് റെഗുലേഷന് അനുസൃതമായിരിക്കണം.<br>2. നിലവിലുള്ള കെട്ടിടങ്ങളുടെ മുൻഭാഗം നിലനിർത്തണമെന്ന നിബന്ധന ഒഴിവാക്കി കെട്ടിടത്തിന്റെ മുൻഭാഗം നിലവിലുള്ള സ്ട്രീറ്റിന്റെ ക്യാരക്ടറിന് അനുസൃതമായി പുനർ നിർമ്മിക്കേണ്ടതാണ്.<br>3.അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി, ഒരു സബ്കമ്മിറ്റി പാലക്കാട് രൂപീകരിക്കുന്നതിനായി അടുത്ത ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ അനുമതിക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br>4. കെട്ടിടങ്ങളിൽ കാർപാർക്കിങ് സൗകര്യം ഒരുക്കുന്നതിലേക്കായി, പ്ലോട്ടുകളുടെ പുറകുവശത്തെ സ്കാവഞ്ചർ ലൈൻ വിപുലീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് തീരുമാനിച്ചു. |

(ബി) അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടപ്പാക്കാത്ത തീരുമാനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങളെന്താണെന്നും വിശദമാക്കാമോ?

(ബി) മേൽപ്പറഞ്ഞ (1) (2) തീരുമാനങ്ങൾ കണക്കിലെടുത്താണ് കല്പാത്തി ഏരിയയിൽ നിന്നുള്ള കൺകറൻസിനുള്ള അപേക്ഷകൾ പരിശോധിച്ച് വരുന്നത്.

മേൽ തീരുമാനത്തിലെ 3-ാമത്തെ വിഷയം സംബന്ധിച്ച് ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ 19.04.2016 ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യാനുസരണം സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുമുണ്ടായി (item No.14(1). എന്നാൽ ഇതിനുശേഷം പാലക്കാട് നഗരത്തിന്റെ പുതുക്കിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, ടി പ്ലാനിൽ ഹെറിറ്റേജ് സോണായി നിർദ്ദേശിച്ചിട്ടുള്ള കൽപ്പാത്തി ഏരിയയ്ക്കുവേണ്ടിയുള്ള സോണിംഗ് റഗുലേഷൻ സബ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും സോണിംഗ് റഗുലേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ നഗരസഭയ്ക്ക് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഹെറിറ്റേജ് സോണിൽ നിന്നുള്ള കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ച് ശുപാർശ നൽകുന്നതിലേയ്ക്കായി പാലക്കാട് ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സബ്കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ